**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3475** **26-06-2024 - ൽ മറുപടിയ്ക്ക്**

**വില്ലജ് ഓഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വില്ലജ് ഓഫീസിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റുകൾ എതൊക്കേയാണെന്നും, ഓരോന്നിനും അപേക്ഷകർ സമർപ്പിക്കേണ്ട രേഖകൾ ഏതൊക്കെയാണെന്നും, ഈടാക്കുന്ന ഫീസുകൾ എത്രയാണെന്നും, ആയത് ലഭിക്കുന്നതിനുള്ള സമയപരിധി എത്രയാണെന്നുമുള്ള വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്ത് വില്ലേജ് ഓഫീസിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റുകൾ, ഓരോ തരം അപേക്ഷകളിന്മേലും സമർപ്പിക്കേണ്ട രേഖകൾ, ഈടാക്കുന്ന ഫീസ്, സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള സമയപരിധി തുടങ്ങിയ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>അപേക്ഷകളിന്മേൽ അന്വേഷണം നടത്തി വസ്തുതകൾ ബോധ്യപ്പെട്ട് സർട്ടിഫിക്കറ്റുകൾ അനുവദിക്കേണ്ടതിലേയ്ക്കായി അനുബന്ധത്തിൽ സൂചിപ്പിച്ചിട്ടുള്ള രേഖകളുടെ അഭാവത്തിൽ സമാന രേഖകൾ ഹാജരാക്കുന്ന മുറയ്ക്കും ആവശ്യം വരുന്ന മറ്റ് സന്ദർഭങ്ങളിലും അപേക്ഷകരുടെ സത്യവാങ്മൂലം, പ്രാദേശികാന്വേഷണം, സാക്ഷി മൊഴി എന്നിവയുടെ അടിസ്ഥാനത്തിലും വില്ലേജ് ഓഫീസർമാർക്ക് അവരുടെ ഉത്തമ ബോധ്യത്തിൽ സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതാണ്. |
| (ബി) | മേൽപ്പറഞ്ഞവയെല്ലാം റവന്യൂ ഇ-സർവ്വീസ് മുഖേന അപേക്ഷിക്കാൻ കഴിയുന്നതാണോ; അല്ലെങ്കിൽ ഏതൊക്കെ അപേക്ഷകളാണ് റവന്യൂ ഇ-സർവ്വീസ് വഴിയല്ലാതെ നൽകേണ്ടതെന്നും, ഏതൊക്കെ അപേക്ഷകളാണ് അക്ഷയ വഴിമാത്രം നൽകേണ്ടതെന്നും അറിയിക്കാമോ? | (ബി) | തണ്ടപ്പേർ പകർപ്പ്, ഇലക്ട്രോണിക് BTR, FMBപകർപ്പ്, ലൊക്കേഷൻ മാപ്പ് എന്നീ രേഖകൾ ലഭ്യമാവുന്നതിന് റവന്യൂ ഇ-സർവ്വീസ് മുഖേനയും EWS സർട്ടിഫിക്കറ്റ് ഒഴികെയുള്ള മറ്റ് സർട്ടിഫിക്കറ്റുകൾ ലഭ്യമാവുന്നതിന് ഇ-ഡിസ്ട്രിക്റ്റ് പോർട്ടൽ വഴിയുമാണ് അപേക്ഷിക്കേണ്ടത്. ഇവ ഓൺലൈൻ വഴി നൽകാവുന്നതാണ്. മേൽ പറഞ്ഞ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനുള്ള അപേക്ഷകൾ അക്ഷയവഴി മാത്രമല്ല CSC കൾ വഴിയോ സ്വന്തം ഇലക്ട്രോണിക് ഉപകരണം വഴിയോ അപേക്ഷിക്കുവാൻ കഴിയുന്നതാണ്.<br><br>EWS സർട്ടിഫിക്കറ്റിനായി നേരിട്ട് അപേക്ഷ സമർപ്പിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നമ്പർ | സർട്ടിഫിക്കറ്റ് | അപേക്ഷകർ സമർപ്പിക്കേണ്ട രേഖകൾ | ഈടാക്കുന്ന ഫീസ് | ലഭിക്കുന്നതിനുള്ള സമയപരിധി |
|---|---|---|---|---|
| 1 | കൈവശാവകാശ സർട്ടിഫിക്കറ്റ് | ആധാർ/വോട്ടർ കാർഡ് ഭൂനികുതി രസീത്, ബാധ്യതാരഹിത സാക്ഷ്യപത്രം, പട്ടയം/ആധാരം | 15 രൂപ (ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിന്) | 7 ദിവസത്തിനകം |
| 2 | ലൊക്കേഷൻ മാപ്പ് | പട്ടയം/ആധാരം ഭൂനികുതി രസീത് | 200 രൂപ റവന്യൂ (ഇ-സർവ്വീസ് പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിന്) | 5 ദിവസത്തിനകം |
| 3 | വാല്യുവേഷൻ സർട്ടിഫിക്കറ്റ് | ആധാർ/വോട്ടർ കാർഡ് ഭൂനികുതി രസീത്, കെട്ടിട നികുതി രസീത്, ബാധ്യതാരഹിത സാക്ഷ്യപത്രം, പട്ടയം/ആധാരം | 15 രൂപ (ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിന്) | 15 ദിവസത്തിനകം |
| 4 | സോൾവൻസി സർട്ടിഫിക്കറ്റ് | ആധാർ/വോട്ടർ കാർഡ്, ഭൂനികുതി രസീത്, കെട്ടിട നികുതി രസീത്, ബാധ്യതാരഹിത സാക്ഷ്യപത്രം, പട്ടയം/ആധാരം, 50 രൂപ മൂല്യമുള്ള നോൺ ജുഡീഷ്യൽ സ്റ്റാമ്പ് പേപ്പർ | 15 രൂപ (ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിന്) | 15 ദിവസത്തിനകം |
| 5 | പൊസഷൻ & നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ് | ആധാർ/വോട്ടർ കാർഡ്, ഭൂനികുതി രസീത്, കെട്ടിട നികുതി രസീത്, ബാധ്യതാരഹിത സാക്ഷ്യപത്രം, പട്ടയം/ആധാരം | 15 രൂപ (ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിന്) | 7 ദിവസത്തിനകം |
| 6 | നേറ്റിവിറ്റി സർട്ടിഫിക്കറ്റ് | ആധാർ/വോട്ടർ കാർഡ്, ജനന സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, സ്കൂൾ സർട്ടിഫിക്കറ്റ്, മാതാപിതാക്കളുടെ സ്കൂൾ സർട്ടിഫിക്കറ്റ് | 15 രൂപ (ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിന്) | 5 ദിവസത്തിനകം |
| 7 | ഡൊമിസൈൽ സർട്ടിഫിക്കറ്റ് | ആധാർ/വോട്ടർ കാർഡ്, ജനന സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, സ്കൂൾ സർട്ടിഫിക്കറ്റ്, മാതാപിതാക്കളുടെ സ്കൂൾ സർട്ടിഫിക്കറ്റ് | 15 രൂപ (ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിന്) | 3 ദിവസത്തിനകം |

| | | | | |
|---|---|---|---|---|
| 8 | വ്യത്യസ്ത പേരുകളിൽ/ മേൽവിലാസങ്ങളിൽ അറിയപ്പെടുന്നത് ഒരാളാണെന്ന സാക്ഷ്യപത്രം | ആധാർ/വോട്ടർ കാർഡ്, റേഷൻ കാർഡ്, സ്കൂൾ സർട്ടിഫിക്കറ്റ്, വ്യത്യസ്തമായി പേര് രേഖപ്പെടുത്തിയിട്ടുള്ള മറ്റ് ആധികാരിക രേഖകൾ | 15 രൂപ (ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിന്) | 5 ദിവസത്തിനകം |
| 9 | തിരിച്ചറിയൽ സർട്ടിഫിക്കറ്റ് | ആധാർ/വോട്ടർ കാർഡ്, റേഷൻ കാർഡ്, സ്കൂൾ സർട്ടിഫിക്കറ്റ് | 15 രൂപ (ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിന്) | 5 ദിവസത്തിനകം |
| 10 | റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ് | ആധാർ/വോട്ടർ കാർഡ്, റേഷൻ കാർഡ്, സ്കൂൾ സർട്ടിഫിക്കറ്റ്, ബന്ധം തെളിയിക്കുന്ന മറ്റ് ആധികാരിക രേഖകൾ | 15 രൂപ (ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിന്) | 5 ദിവസത്തിനകം |
| 11 | വിധവ/ വിഭാര്യൻ സർട്ടിഫിക്കറ്റ് | ആധാർ/വോട്ടർ കാർഡ്, വിവാഹ സർട്ടിഫിക്കറ്റ്, മരണപ്പെട്ട വ്യക്തിയുടെ ഡെത്ത് സർട്ടിഫിക്കറ്റ്, റേഷൻകാർഡ്. | 15 രൂപ (ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിന്) | 5 ദിവസത്തിനകം |
| 12 | കുടുംബാംഗ സർട്ടിഫിക്കറ്റ് | ആധാർ/വോട്ടർ കാർഡ്, ജനന സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, സ്കൂൾ സർട്ടിഫിക്കറ്റ് | 15 രൂപ (ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിന്) | 6 ദിവസത്തിനകം |
| 13 | ആശ്രിത സർട്ടിഫിക്കറ്റ് | ആധാർ/വോട്ടർ കാർഡ്, റേഷൻ കാർഡ്, സ്കൂൾ സർട്ടിഫിക്കറ്റ്, ഭൂനികുതി രസീത് | 15 രൂപ (ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിന്) | 7 ദിവസത്തിനകം |
| 14 | അഗതി സർട്ടിഫിക്കറ്റ് | ആധാർ/വോട്ടർ കാർഡ്, റേഷൻ കാർഡ് | 15 രൂപ (ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിന്) | 5 ദിവസത്തിനകം |
| 15 | ജാതി സർട്ടിഫിക്കറ്റ് (ഒ.ബി.സി, എസ്.ഇ.ബി.സി, ഒ.ഇ.സി, ജനറൽ) | ആധാർ/വോട്ടർ കാർഡ്, റേഷൻ കാർഡ്, സ്കൂൾ സർട്ടിഫിക്കറ്റ്, ജാതി തെളിയിക്കുന്ന മറ്റ് ആധികാരിക രേഖകൾ | 15 രൂപ (ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിന്) | സംശയം ഇല്ലാത്ത കേസുകളിൽ 3 ദിവസത്തിനകം |
| 16 | വരുമാന സർട്ടിഫിക്കറ്റ് | ആധാർ/വോട്ടർ കാർഡ്, റേഷൻ കാർഡ്, ഭൂനികുതി രസീത്, സാലറി സർട്ടിഫിക്കറ്റ്, ഇൻകം ടാക്സ് റിട്ടേൺ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള നികുതി രസീത്, വരുമാനം തെളിയിക്കുന്ന ആധികാരിക രേഖകൾ | 15 രൂപ (ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിന്) | 6 ദിവസത്തിനകം |

| | | | | |
|---|---|---|---|---|
| 17 | നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് | ആധാർ/വോട്ടർ കാർഡ്, റേഷൻ കാർഡ്, സ്കൂൾ സർട്ടിഫിക്കറ്റ്, ജാതി തെളിയിക്കുന്ന മറ്റ് ആധികാരിക രേഖകൾ, ഭൂനികുതി രസീത്, സാലറി സർട്ടിഫിക്കറ്റ്, സർവ്വീസ് സർട്ടിഫിക്കറ്റ്, ഇൻകം ടാക്സ് റിട്ടേൺ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള നികുതി രസീത്, വരുമാനം തെളിയിക്കുന്ന മറ്റ് ആധികാരിക രേഖകൾ | 15 രൂപ (ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിന് ) | 7 ദിവസത്തിനകം |
| 18 | മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള സർട്ടിഫിക്കറ്റ് (ഇ.ഡബ്ല്യൂ.എസ്) | ആധാർ/വോട്ടർ കാർഡ്, റേഷൻ കാർഡ്, സ്കൂൾ സർട്ടിഫിക്കറ്റ്, ജാതി തെളിയിക്കുന്ന മറ്റ് ആധികാരിക രേഖകൾ, ഭൂനികുതി രസീത്, സാലറി സർട്ടിഫിക്കറ്റ്, സർവ്വീസ് സർട്ടിഫിക്കറ്റ്, ഇൻകം ടാക്സ് റിട്ടേൺ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള നികുതി രസീത്, വരുമാനം തെളിയിക്കുന്ന മറ്റ് ആധികാരിക രേഖകൾ, മറ്റു സ്ഥാവര ജംഗമ വസ്തുക്കളുടെ വിവരങ്ങൾ അടങ്ങിയ ആധികാരിക രേഖകൾ. | | 7 ദിവസത്തിനകം |